4. ദേശീയ നൃത്തോത്സവം-1997
ചെലവ് - 97,700 രൂപ
5. പ്രൊഫഷണൽ നാടകമത്സരം
ചെലവ് - 1,49,655 രൂപ
6. സാഹിത്യ അക്കാഡമിയുടെ ദേശീയ സാഹിത്യസംഗമം
ചെലവ് - 1,38,563 രൂപ

(സി) തിരുവനന്തപുരത്തു മാത്രമല്ല ഇതരജില്ലാ കേന്ദ്രങ്ങളിലും ഗ്രാമപ്രദേശങ്ങളിലും പരിപാടികൾ ഇപ്പോൾതന്നെ സംഘടിപ്പിക്കുന്നുണ്ട്.

കൃഷ്ണപുരം കൊട്ടാരം നവീകരണം

9 (1204) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷ്ണപുരം കൊട്ടാരം നവീകരണം പൂർത്തിയായോ ;

(ബി) മ്യൂസിയം പ്രവർത്തനം ആരംഭിച്ചോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷ്ണപുരം കൊട്ടാരത്തിനായി എന്തു തുക ചെലവഴിച്ചു ;

(ഡി) കൊട്ടാരത്തിന്റെ നവീകരണം, സമീപത്തുള്ള പഴയ കൊട്ടാരം, ക്ഷേത്രം ഏറ്റെടുക്കൽ, കായംകുളം വാൾ കണ്ടുപിടിക്കൽ തുടങ്ങി കായംകുളം എം.എൽ.എ. കഴിഞ്ഞ നാലു വർഷങ്ങളായി ഉന്നയിച്ച ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിക്കുമോ ;

(ഇ) ഇപ്പോഴത്തെ സാംസ്ക്കാരിക വകുപ്പു മന്ത്രിയും പുരാവസ്തു ഡയറക്ടർമാരും എത്ര പ്രാവശ്യം വീതം കൃഷ്ണപുരം കൊട്ടാരത്തിൽ സന്ദർശനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) കൃഷ്ണപുരം കൊട്ടാരത്തിന്റെ സംരക്ഷണ ജോലികൾക്ക് മേൽനോട്ടം വഹിച്ച ശ്രീ. മോഹൻ എബ്രഹാമിന് ലഭിച്ചിട്ടുള്ള വിദഗ്ദ്ധ പരിശീലനത്തിന്റെ വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ) കൃഷ്ണപുരം കൊട്ടാരത്തിന്റെ നവീകരണപ്പണികൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്.

(ബി) മ്യൂസിയം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷ്ണപുരം കൊട്ടാരത്തിനായി ആകെ 24,33,548 രൂപ (ഇരുപത്തിനാലു ലക്ഷത്തി മുപ്പത്തിമൂവായിരത്തി അഞ്ഞൂറ്റി നാല്പത്തി എട്ടു രൂപാമാത്രം) ചെലവഴിച്ചു.

(ഡി) കൊട്ടാരത്തിന്റെ നവീകരണം പൂർത്തിയാക്കുകയും കായംകുളം വാൾ കണ്ടെത്തി ടി കൊട്ടാരത്തിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സമീപത്തുള്ള കൊട്ടാര ക്ഷേത്രം ഏറ്റെടുക്കുന്നതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്പോഴത്തെ സാംസ്ക്കാരിക വകുപ്പുമന്ത്രിയും പുരാവസ്തു ഡയറക്ടർമാരും പല പ്രാവശ്യം കൃഷ്ണപുരംകൊട്ടാരത്തിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

(എഫ്) കൃഷ്ണപുരംകൊട്ടാരത്തിന്റെ സംരക്ഷണ ജോലികൾക്ക് മേൽനോട്ടം വഹിച്ച പുരാവസ്തു വകുപ്പിലെ ചീഫ്കൺസർവേഷൻ എഞ്ചിനീയറായ ശ്രീ. മോഹൻ എബ്രഹാമിന് റോം ആസ്ഥാനമായിട്ടുള്ള ഐക്രോമിൽ നിന്നും ചരിത്ര സ്മാരകങ്ങളുടെ സ്ട്രാക്ചറൽ കൺസർവേഷൻ സംബന്ധിച്ചാണ് വിദഗ്ദ്ധ പരിശീലനം ലഭിച്ചിട്ടുള്ളത്.

ബാലഭവനുകൾ ആരംഭിക്കാൻ നടപടി

10 (1206) ശ്രീ. ടി. കെ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയുടെ പ്രവർത്തനം വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ബാലഭവനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരത്തും കൊല്ലത്തും ആലപ്പുഴയിലും കോട്ടയത്തും തൃശ്ശൂരും ബാലഭവനുകൾ പ്രവർത്തിച്ചു വരുന്നു.

(ബി) ബാലികാബാലന്മാരുടെ സർഗ്ഗവാസനകൾ പരിപോഷിക്കാനും പുതിയവ കണ്ടെത്താനും ബാലഭവനുകൾ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. പഠനങ്ങൾക്കിടയിൽ കിട്ടുന്ന സമയങ്ങളിലും വെക്കേഷൻ സമയങ്ങളിലും കുട്ടികളെ അവർക്കിഷ്ടമുള്ള വിഷയങ്ങളിൽ നൈപുണ്യം നേടുവാൻ ബാലഭവനുകൾ ഉപകരിക്കുന്നു.

(സി) എല്ലാ ജില്ലകളിലും ബാലഭവനുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് ചികിത്സാസഹായം

11 (1207) ശ്രീ. കെ. ടി. മുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തികവർഷം അശരണരും രോഗബാധിതരുമായ കലാകാരൻമാർക്ക് ചികിത്സാസഹായത്തിന് എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(ബി) 3-9-1999-ലെ 397/99/സിഎഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുക അവശകലാകാരന്മാർക്ക് വിതരണം നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി ഈ തുക വിതരണം ചെയ്യുന്നതിന് നിർദ്ദേശം നല്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly